SUNDAY 18/01/2026 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/01/2026

1. കേരളത്തിലെ എല്ലാ കർഷകരും സ്വന്തം കൃഷിയിടത്തിൽ സൂക്ഷ്മജലസേചനം/മൈക്രോ ഇറിഗേഷൻ സംവിധാനം സ്ഥാപിക്കുന്നതിന് ലഭിക്കുന്ന സാമ്പത്തിക സഹായത്തിന് (സബ്സിഡി) ഓൺലൈനിൽ അപേക്ഷിക്കാം. കേന്ദ്ര സംസ്ഥാന സർക്കാറുകൾ 60:40 അനുപാതത്തിൽ ധനസഹായം നല്കുന്ന ഈ പദ്ധതി സ്ഥാപിക്കുന്നതിന് ചെറുകിട-നാമമാത്ര കർഷകർക്ക് ചെലവിന്റെ 55 ശതമാനവും മറ്റുള്ളവർക്ക് 45 ശതമാനവും സർക്കാർ സബ്സിഡി നൽകുന്നു. Forest Reserve Act (FRA) പട്ടയമുള്ള കർഷകർക്ക് 90 % വരെ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണ്. https://pdmc.da.gov.in/KeralaMIS] എന്ന വിലാസത്തിൽ രജിസ്റ്റർ ചെയ്യുക. ഈ വർഷം നിശ്ചിത അപേക്ഷാഫോറത്തിൽ ഓഫ്-ലൈൻ ആയും അപേക്ഷിക്കാം. ആധാർ, ഭൂവുടമസ്ഥത തെളിയിക്കുന്ന രേഖ (പട്ടയം/റസീറ്റ്), ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, ഭൂപരിധി സംബന്ധിച്ച സത്യപ്രമാണം എന്നി രേഖകൾ അപ്‌ലോഡ് ചെയ്യുക. കൂടുതൽ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവരങ്ങൾക്ക് 1800-425-2512 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

2. റബ്ബർ ടാപ്പിങ് തൊഴിലാളികൾക്കായി റബ്ബർബോർഡ് 2012-13, 2013-14, 2015-16, 2023-24, 2024-25 എന്നീ വർഷങ്ങളിൽ ആരംഭിച്ച ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസ് കം ടെർമിനൽ ബെനിഫിറ്റ് പദ്ധതിയിൽ (GLITBS) ചേർന്നിട്ടുള്ളവർ ഫെബ്രുവരി മാസം മൂന്നാം തീയതിക്കു മുമ്പായി അതതു പ്രദേശത്തെ റബ്ബർബോർഡ് റീജിയണൽ ഓഫീസിൽ ഈ വർഷത്തെ വിഹിതം അടച്ച് പോളിസി പുതുക്കേണ്ടതാണ്. പദ്ധതി പ്രകാരം ഓരോ അംഗത്തിനും സ്വാഭാവിക മരണം സംഭവിച്ചാൽ ഒരു ലക്ഷം രൂപയുടെയും അപകടമരണം സംഭവിച്ചാൽ അഞ്ചു ലക്ഷം വരെ രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. പദ്ധതിയിൽ അംഗങ്ങൾ ആയിട്ടുള്ളവർക്ക് അപേക്ഷാഫോറം റബ്ബർബോർഡിന്റെ കോട്ടയത്തെ കേന്ദ്ര ഓഫീസിലെ തൊഴിലാളിക്ഷേമവിഭാഗത്തിൽ നിന്നും അയച്ചിട്ടുള്ളതാണ്. ഇതുവരെ ഫോറം ലഭിക്കാത്തവർ അതത് റീജിയണൽ ഓഫീസുകളുമായി ബന്ധപ്പെടേണ്ടതാണ്. കൂടുതൽ

വിവരങ്ങൾക്ക് 0481-2301231 (എക്സ്റ്റൻഷൻ നമ്പർ-336) എന്ന ഫോൺനമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

3. വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന "CENTRE FOR AGRICULTURAL INNOVATIONS AND TECHNOLOGY TRANSFER" (CAITT)വിവിധ വിഷയങ്ങളിൽ ഏകദിന പരിശീലനം നൽകുന്നു. ജനുവരി 22ന് (22.01.2026)ചക്കയിൽ നിന്ന് മൂല്യവർധിത ഉൽപ്പന്നങ്ങൾ , 28 ന് എക്സോട്ടിക്ക് ഫ്രൂട്ട് ക്രോപ്പ്സിൻ്റെ കൃഷി രീതികൾ, 31ന് കുരുമുളക് കൃഷി എന്നീ വിഷയങ്ങളിലാണ് പരിശീലനം. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. അല്ലെങ്കിൽ caittvellayani@kau.in എന്ന വിലാസത്തിലേക്ക് ഇമെയിൽ അയക്കാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ₹500/-. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.

4. കേന്ദ്ര ഗവൺമെന്റിന്റെ MSME മന്ത്രാലയത്തിന്റെ ധനസഹായത്തോടെ കേരള കാർഷിക സർവകലാശാലയുടെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കീഴിലുള്ള തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽ വച്ച് **നഴ്സറി ടെക്നിക്സ്** എന്ന വിഷയത്തിൽ 2026 ജനുവരി- ഫെബ്രുവരി മാസങ്ങളിൽ നടത്താൻ ഉദ്ദേശിക്കുന്ന ആറാഴ്ചത്തെ സൗജന്യ പരിശീലന പരിപാടി യിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. പച്ചക്കറി- പഴവർഗ്ഗ- അലങ്കാര ചെടികളിലെ തൈ ഉല്പാദന രീതികൾ, ഗ്രാഫ്റ്റിങ്, ബഡ്ഡിങ്, ലയറിങ്, രോഗ കീട നിയന്ത്രണം, ഗാർഡനിങ്ങിലെ നൂതന പ്രവണതകൾ, ഉദ്യാന ചെടികളിലെ മൂല്യവർദ്ധനവ് എന്നിങ്ങനെ ചെടികളുടെ തൈ ഉല്പാദനവും വിപണനവും ആയി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ക്ലാസ്സുകളും പ്രായോഗിക പരിശീലനവും ലഭിക്കുന്നതാണ്. 30 പേർക്കാണ് അവസരം. സ്ത്രീകൾക്കും തിരുവനന്തപുരം ജില്ലയിൽ ഉള്ളവർക്കും മുൻഗണന ലഭിക്കുന്നതായിരിക്കും. താല്പര്യമുള്ളവർ 7994273491 എന്ന ഫോൺ നമ്പറിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 9 മുതൽ വൈകിട്ട് 4 വരെ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## കാർഷിക നിർദേശം

വാഴയ്ക്ക് കുറുനാമ്പുരോഗം വരുത്തുന്ന വൈറസുകളെ പരത്തുന്ന ചെറുകീടങ്ങളെ നശിപ്പിക്കാൻ വെളുത്തുള്ളി – വേപ്പെണ്ണ സോപ്പുമിശ്രിതം ഒരാഴ്ച ഇടവിട്ട് രണ്ടു തവണ തളിക്കുന്നത് നല്ലതാണ്. നിമാവിരബാധ, കരിക്കിൻകേട് എന്നിവ ഒഴിവാക്കാൻ വേപ്പിൻപിണ്ണാക്ക് ഉപയോഗിക്കാം. തടതുരപ്പൻ പുഴുവിനെ നിയന്ത്രിക്കാൻ നീംഅസാൽ 10 മി.ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിന് 5–ാ◌ം മാസം മുതൽ ഒ◌ാരോമാസവും തടിയിൽ സ്പ്രേ ചെയ്യുകയും ഇലക്കവിളുകളിൽ ഒഴിക്കുകയും ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം